# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5166 30.06.2014-ൽ മറുപടിയ്ക്ക്

<u>വൃക്ഷത്തൈ വിതരണവും പരിപാലനവും</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളെയാണ് തിരഞ്ഞെടുത്തത് ; | എ) ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ കേഡറ്റ് കോർപ്സ്, തപാൽ വകുപ്പ്, റെയിൽവേ, ആർമി, നേവി, സി.ആർ.പി.എഫ്., സർക്കാരിതര സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ സംഘടനകൾ, സന്നദ്ധസംഘടനകൾ, കുടുംബശ്രീ, പത്രമാധ്യമങ്ങൾ, യുവജന സംഘടനകൾ, യൂത്ത് ക്ലബ്ബുകൾ തുടങ്ങിയവ മുഖേനയാണ് സാമൂഹ്യവനവൽക്കരണ വിഭാഗം വൃക്ഷത്തൈ വിതരണം ചെയ്തത്. |
| ബി) പുറമ്പോക്ക് ഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | ബി) സാദ്ധ്യമായ പുറമ്പോക്ക് ഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു വരുന്നുണ്ട്. |
| സ സി) വിതരണം ചെയ്യുന്ന തൈകൾ നടുന്നുണ്ടോ എന്ന്നിരീക്ഷിക്കുന്നതിനായി നിലവിൽ സംവിധാനമുണ്ടോ ; | സി) ഇപ്രകാരം വിതരണം ചെയ്ത തൈകളുടെ തുടർപരിചരണവും, സംരക്ഷണവും ബന്ധപ്പെട്ട വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരുടെ ചുമതലയാണ്. ഹരിതശ്രീ പദ്ധതി പ്രകാരമുള്ള 2014 ജൂൺ മാസം 5-ാം തീയതി 10.30 നും 11.30 നും ഇടയ്ക്കുള്ള ഒരു മണിക്കൂർ |

| | | | |
|---|---|---|---|
| | | | ഹരിതസമയത്തെ വൃക്ഷത്തൈ നടീൽ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലു ണ്ടായിരുന്നു. ഇതിലേയ്ക്കായി വിതരണം ചെയ്തിരുന്ന 34 ലക്ഷത്തോളം തൈകളിൽ 19.55 ലക്ഷം ടി ഹരിതസമയത്ത് നട്ടു എന്ന് ഉറപ്പുവരുത്തിയിട്ടുള്ളതാണ്. തൈകൾ വിതരണം ചെയ്യുന്നതിലേയ്ക്ക് രജിസ്റ്റർ സൂക്ഷിച്ചുവരുന്നു ണ്ട്. അതിജീവനം തിട്ടപ്പെടുത്തുന്നതിലേയ്ക്കായി വിവിധ തലത്തിൽ കമ്മിറ്റികൾ രൂപീകരിക്കുവാനും നിർദ്ദേശമുള്ളതാണ്. |
| ഡി) | വിതരണം ചെയ്യുന്ന തൈകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ടോ ; വിശദമാക്കുമോ ? | ഡി) | ഉണ്ട്. ശാസ്ത്രീയമായാണ് വൃക്ഷത്തൈ ഉൽപാദനം നടത്തിവരുന്നത്. അംഗീകൃത ഏജൻസികളിൽ നിന്നും, വനത്തിലെ മെച്ചപ്പെട്ട വൃക്ഷങ്ങളിൽ നിന്നും ശേഖരിക്കുന്ന ഗുണമേന്മയുള്ള വിത്തുകളാണ് വൃക്ഷതൈ ഉൽപാദനത്തിനായി ഉപയോഗിക്കുന്നത്. അപ്രകാരം ഉൽപ്പാദിപ്പിക്കുന്ന തൈകളിൽ നിന്നും മദർ ബഡ്ഡിൽവച്ചുതന്നെ അതിജീവന സാധ്യതയുള്ള മികച്ച തൈകൾ മാത്രം തെരഞ്ഞെടുത്ത് കൂടകളിൽ നട്ടുവളർത്തി ഉൽപ്പാദിപ്പിക്കുന്ന തൈകളാണ് സാമൂഹ്യവനവൽക്കരണ വിഭാഗം വഴി വിതരണം ചെയ്തുവരുന്നത്. കൂടാതെ നല്ല മണ്ണും നീർവാർച്ചയും, ജലസേചന സൗകര്യമുള്ളതുമായ സ്ഥലങ്ങളാണ് നഴ്സറിയ്ക്കായി ഉപയോഗിച്ചു വരുന്നത്. വൃക്ഷത്തൈ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് വിത്തിന്റെ സ്രോതസ്സ്, നേഴ്സറിയിൽ നടക്കുന്ന വിവിധ പ്രവൃത്തികൾ, വിത്തിട്ട തീയതി, മുളച്ച തീയതി, കൂടകളിലേക്ക് മാറ്റിവച്ച തീയതി, ഓരോ കാലയളവിലെയും നേഴ്സറിയിലെ അവസ്ഥ എന്നിവ വിശദമാക്കുന്ന നേഴ്സറി ജേർണൽ എഴുതി സൂക്ഷിക്കുന്നുണ്ട്. ഇതുകൂടാതെ, ഓരോ വർഷവും |

വിതരണം ചെയ്ത തൈകളുടെയും, മറ്റും വിവരങ്ങൾ

വിതരണ രജിസ്റ്ററിലും രേഖപ്പെടുത്തിവരുന്നുണ്ട്.

ഓരോ കാലയളവിലും ഇവയെല്ലാം

വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർ

പരിശോധന നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ